**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1127** **14-03-2022 - ൽ മറുപടിയ്ക്ക്**

**ആനക്കാംപൊയിൽ -കള്ളാടി -മേപ്പാടി തുരങ്ക പാത നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വയനാട്, കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്ക പാത നിർമ്മാണ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം പ്രാഥമിക നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (എ) | കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡിനെയാണ് ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്ക പാത നിർമ്മാണ ത്തിനുള്ള എസ്.പി.വി ആയി നിയമിച്ചിട്ടുള്ളത്. കൊങ്കൺ റെയിൽ കോർപ്പറേഷൻ 18.12.2021-ൽ സമർപ്പിച്ച ഡി.പി.ആർ-ന്റെ അടിസ്ഥാനത്തിൽ 25.02.2022-ലെ സ.ഉ(കൈ)നം 10/2022-പൊ.മ.വ നമ്പർ ഉത്തരവ് പ്രകാരം 2043.74 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ സാമൂഹ്യ ആഘാത പഠനം കിറ്റ്കോ ഏജൻസി മുഖേനയും സ്ഥലം എറ്റെടുപ്പ് നടപടികൾ കിഫ്ബി എൽ.എ വിഭാഗം മുഖേനയും സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിൽ വരുത്താൻ വേണ്ടി സർക്കാർ ഏറ്റെടുക്കേണ്ട സ്വകാര്യ-പൊതു സ്ഥലങ്ങളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | കോഴിക്കോട് ജില്ലയിൽ 11.1586 ഹെക്ടർ സ്വകാര്യ ഭൂമിയും വയനാട് ജില്ലയിൽ 8.3238 ഹെക്ടർ സ്വകാര്യ ഭൂമിയും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. കൂടാതെ 17.263ഹെക്ടർ വനഭൂമിയ്ക്ക് വനം വകുപ്പിന്റെ ക്ലിയറൻസ് ലഭ്യമാക്കേണ്ടതുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുമെന്നും ആയത് സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കാമോ; | (സി) | പദ്ധതിയുടെ പ്രവർത്തനത്തിനാവശ്യമായ വന-സ്വകാര്യ ഭൂമിയുടെ ക്ലിയറൻസ് ലഭിച്ചശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. ടെണ്ടർ നടപടികൾ പദ്ധതിയുടെ എസ്.പി.വി ആയ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് സ്വീകരിച്ചുവരുന്നു. കൂടാതെ പദ്ധതിക്ക് സാങ്കേതിക അനുമതി നൽകുന്നതിനായി പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം ചീഫ് എഞ്ചനീയർ, കെ.ആർ.സി.എൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ എന്നിവർ ഉൾപ്പെട്ട ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള ഫണ്ടിനെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ? | (ഡി) | 25.02.2022-ലെ സ.ഉ(കൈ) നം 10/2022-പൊ.മ.വ നമ്പർ ഉത്തരവ് പ്രകാരം 2043.74 കോടി രൂപയുടെ |

| | | | |
|---|---|---|---|
| | | | ഭരണാനുമതി നൽകിയിട്ടുണ്ട്. സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ കിഫ്ബി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ